ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അതിനു ഗവണ്മെണ്ട് എന്തു തീരുമാനം ചെയ്തു?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു തീരുമാനവും ചെയ്തിട്ടില്ല.

Questions 47 and 48 were not put

വീടുകൾ

*൪൬. (൪൬) ശ്രീ. സി. സി. പ്രസാദ്: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

എലന്തൂർ കാളനിയിൽ പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിൽ നിന്നും നേരിട്ട് എത്ര വീടുകൾ കെട്ടിച്ചിട്ടുണ്ട്?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

൩൨ വീടുകൾ.

ശ്രീ. സി. സി. പ്രസാദ്: കാളനിക്കാരുടെ വല്ല പരാതിയും ഗവണ്മെണ്ടിൽ കിട്ടിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. എ. താണുപിള്ള: ആ വീടുകളിൽ ഏതെങ്കിലും നശിച്ചു പോയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ഇരിങ്ങാലക്കുട മജിസ്ട്രേട്ട്

*൪൭. (൪൦) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

ഇരിങ്ങാലക്കുട മജിസ്ട്രേട്ടായിരുന്ന മി. സി. സി. കുഞ്ഞനെ തൽസ്ഥാനത്തുനിന്നും മാറ്റിയാക്കുവാൻ പ്രേരണനൽകിയ കാരണങ്ങൾ എന്തെന്നു പറയുവാൻ മേലുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ശ്രീ. സി. സി. കുഞ്ഞന്റെ പേരിലുള്ള കേസ് അന്വേഷണത്തിൽ ഇരിക്കുകയാണു്. അതു സംബന്ധിച്ചു ഗവണ്മെൻറ് ഉടൻതന്നെ തീരുമാനം ചെയ്യുന്നതാണു്.

ശ്രീ. സി. സി. പ്രസാദ്: അദ്ദേഹത്തെ മജിസ്ട്രേട്ട സ്ഥാനത്തുനിന്നും മാറ്റിയാക്കുവാൻ പ്രേരണ നൽകിയ കാരണങ്ങൾ എന്താണെന്നാണു് ചോദിച്ചതു്?

ശ്രീ. ടി കെ. നാരായണപിള്ള: അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റ് അനുഭാവിയാണെന്നും കമ്മ്യൂണിസ്റ്റുകാർക്കു് ധനസഹായം ചെയ്തുകൊടുത്തു എന്നും കമ്മ്യൂണിസ്റ്റുകാർക്കു് അഭയം നൽകിയിരുന്നു എന്നും ഗവണ്മെണ്ടിനു് അറിവുലഭിച്ചതുകൊണ്ടാണു് അദ്ദേഹത്തെ സസ്പെൻറ് ചെയ്തതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അദ്ദേഹം ഏതു സമുദായത്തിൽപ്പെട്ട ആളാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: പുലയസമുദായത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. സി. പ്രസാദ്: അദ്ദേഹം കമ്മ്യൂണിസ്റ്റ് അനുഭാവിയാണെന്ന് പോലീസുകാരുടെ റിപ്പോർട്ട് എന്തെങ്കിലും ഉണ്ടായിരുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: പോലീസുകാരുടെ റിപ്പോർട്ട് മാത്രമല്ല. അവരുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം അതേപ്പറ്റി വീണ്ടും അന്വേഷണം നടത്തി. സംഗതികൾ ഇപ്പോഴും അന്വേഷണത്തിൽ അറിഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ഉദ്യോഗസ്ഥനെ അന്വേഷണത്തിനു വിധേയമായി സസ്പെൻഡ് ചെയ്തതാണോ? അതോ ഡിസ്മിസ് ചെയ്തുവോ?

ശ്രീ ടി. കെ. നാരായണപിള്ള: അന്വേഷണത്തിനു വിധേയമായി സസ്പെൻഷനിൽ നിറുത്തിയിരിക്കയാണ്.

ശ്രീ. കെ. എൻ. ശങ്കരപ്പിള്ള: മുഖ്യമന്ത്രിയുടെ പേരിലും ഈ മാതിരി പണം ഇല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ദേശബന്ധു പത്രത്തിലാണ് മുഖ്യമായി ആ മാതിരി പണം ഉള്ളതു.

ശ്രീ. കെ. കെ. കണ്ണൻ: പോലീസ് റിപ്പോർട്ടിനെ പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ടല്ലേ അദ്ദേഹത്തെ സസ്പെൻഡ് ചെയ്തതു?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. അതേപ്പറ്റി കൂടുതൽ അന്വേഷണം നടത്തി. വീണ്ടും അന്വേഷണത്തിനു വിധേയമായി സസ്പെൻഷനിൽ നിറുത്തിയിരിക്കയാണ്.

ശ്രീ. കെ. കെ. കണ്ണൻ: സസ്പെൻഡ് ചെയ്യുന്നതിനുമുമ്പ് താങ്കൾക്കു അദ്ദേഹത്തിന്റെ സമാധാനം വാങ്ങിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. കെ. കെ. കണ്ണൻ: എന്തുകൊണ്ടാണ് വാങ്ങാതിരുന്നതു?

മിസ്റ്റർ സ്പീക്കർ: അതിനെപ്പറ്റം പറയേണ്ടതില്ല.

ശ്രീ. സി. സി. പ്രസാദ്: ഒരു മജിസ്ട്രേട്ടായിരുന്ന അദ്ദേഹത്തെ ഒരു പോലീസ് ഉദ്യോഗസ്ഥനെകൊണ്ടു പിടിപ്പിച്ചതായി താങ്കൾക്കറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പോലീസുദ്യോഗസ്ഥനെകൊണ്ടു പിടിപ്പിച്ചില്ല.

ശ്രീ. എ. താണുപിള്ള: ഈ മജിസ്ട്രേട്ടിനെ സസ്പെന്റു ചെയ്തിട്ട് എത്ര കാലമായി?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം മൂന്നുനാലു മാസങ്ങളായിരിക്കണം.

ശ്രീ. കെ. കെ. കണ്ണൻ: ഇപ്പോൾ അദ്ദേഹത്തിന്റെ പേരിലുള്ള കേസിനെപ്പറ്റി മാപ്പുസാക്ഷി എൻകയറിയാണോ നടത്തുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നു ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ടെന്നു പറഞ്ഞല്ലോ. ഇത്രനാളിനുള്ളിൽ അവരുടെ റിപ്പോർട്ട് സമർപ്പിക്കണമെന്നു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly